പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3471 — 23.06.2014 ലെ അന്തിമ മറുപടി

## പോലീസിന്റെ മനുഷ്യാവകാശലംഘനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ.രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) പോലീസ് വകുപ്പുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾവർദ്ധിച്ചുവരു ന്ന താ യുള്ള മനുഷ്യാവകാശകമ്മീഷൻ കണക്കുകൾ ശ്രദ്ധയി ൽ പ്പെട്ടിട്ടു ണ്ടോ; | (എ) ഇല്ല |
| (ബി) ഈ സർക്കാരിന്റെ ഭരണകാലത്ത് 2011,2012,2013വർഷങ്ങളിൽ മനുഷ്യാ വകാശകമ്മീഷൻ കണക്കുകൾപ്ര കാരം പോലീസുമായി ബന്ധപ്പെട്ട് എത്രകേസുകൾ ഉണ്ടെന്ന് വർഷംതിരിച്ച് വ്യക്തമാക്കാമോ; | (ബി) 2011 ൽ 5561 ഉം, 2012 ൽ 7489 ഉം 2013 ൽ 9144 ഉം ഹ്യൂമൻ റൈറ്റ്സ് മിസലേനിയസ് പെറ്റീഷനുകൾ കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും, പരാതികൾ രജിസ്റ്റർ ചെയ്യുന്ന സമയത്ത് ഏത് അധികാരസ്ഥാനത്തിന് എതിരായുള്ള പരാതികളാണെന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പോലീസുമായി ബന്ധപ്പെട്ട് ടി വർഷങ്ങളിൽ എത്ര കേസുകൾ വന്നു എന്ന് വ്യക്തമാക്കാൻ കഴിയില്ല. |
| (സി) ഈ സർക്കാരിന്റെ ഭരണകാലത്ത് ജനകീയസമരങ്ങൾക്ക് നേരെ പോലീസ് പ്രാകൃതമർദ്ദനമുറകൾ സ്വീകരിക്കുന്ന ത് ശ്രദ്ധയി ൽപ്പെട്ടിട്ടു ണ്ടോ; ജന കീയസമരങ്ങളി ൽ ഏർപ്പെടുന്നവ രുടെ സ്വകാര്യഅവയവങ്ങളി ൽ കയറിപിടിക്കുന്ന തും ആക്രമിക്കുന്ന തുമായസംഭവങ്ങൾ ഉ ണ്ടാ യിട്ടു ണ്ടോ എ ന്ന് വ്യക്തമാ ക്കാമോ; | (സി) ഇല്ല. ഇത്തരത്തിൽ ആരോപിക്കപ്പെട്ട ഒരു സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) ഈ സർക്കാരിന്റെ ഭരണകാലത്ത് പോലീസ് കസ്റ്റഡിയിലും തടവറക ളിലും മനുഷ്യാവകാശലംഘനം വർദ്ധിച്ചുവരു ന്നു വെങ്കി ൽ ആയത് അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ഡി) പോലീസ് കസ്റ്റഡിയിലും തടവറകളിലും മനുഷ്യാവകാശ ലംഘനം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | പ്രായപൂർത്തിയായ സ്ത്രീയും പുരുഷനും ഒന്നിച്ച് സഞ്ചരിക്കുന്നത്പോലും തടയുകയും വ്യക്തികളുടെ മൗലികാവകാശങ്ങൾ നിഷേധിക്കുകയും ചെയ്യുന്ന സ്ഥിതിയിലേക്ക് പോലീസ്മാറി എന്ന ആരോപണം പോലീസ് നയത്തിന് അനുസൃതമാണോ എന്ന് വിശദമാക്കാമോ; അല്ലെങ്കിൽ ഇത്തരം സംഭവങ്ങളിൽ പ്രതികളായ പോലീസുകാർക്കെതിരെ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ശിക്ഷിക്കപ്പെടുകയോ മറ്റ് നടപടികൾക്ക് വിധേയമാവുകയോ ചെയ്തിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരുടെ പേര് വിവരം വ്യക്തമാക്കാമോ; | (ഇ) | വ്യക്തികളുടെ മൗലികാവകാശങ്ങൾ നിഷേധിക്കുന്ന സ്ഥിതിയിലേക്ക് പോലീസ് മാറിയിട്ടില്ല. സ്ത്രീയും പുരുഷനും ഒന്നിച്ച് സഞ്ചരിക്കുന്നത് തടഞ്ഞതുമായി ബന്ധപ്പെട്ട് ഒരു സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ ഒരാളെ സസ്പെന്റ് ചെയ്യുകയും ടിയാനെതിരെ ക്രൈം കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | ഇത്തരം സംഭവങ്ങളിൽ പോലീസ് കംപ്ലയന്റ്സ് അതോറിറ്റി ഇതുവരെ എത്രപേർക്ക് എതിരെ നടപടികൾ സ്വീകരിച്ചു ; വിശദമാക്കാമോ? | (എഫ്) | സ്റ്റേറ്റ് പോലീസ് കംപ്ലെയിന്റ് അതോറിറ്റി പ്രവർത്തനം ആരംഭിച്ചശേഷം 19.06.2014 വരെ ആകെ 925 പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൽ 435 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ